**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1484** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഇ-പട്ടയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സോഫ്റ്റ്‌വെയർ അധിഷ്ഠിതമായ ഇ-പട്ടയങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | (എ) | **1963 ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം ലാൻഡ് ട്രിബ്യൂണലുകളിൽ നിന്നും അനുവദിക്കുന്ന ക്രയസർട്ടിഫിക്കറ്റുകൾ ഇപ്പോൾ സോഫ്റ്റ് വെയർ അധിഷ്ഠിതമാക്കിയിട്ടുണ്ട്. ഇത്തരം പട്ടയങ്ങൾ ഇ-പട്ടയങ്ങളായാണ് ഇപ്പോൾ സംസ്ഥാനത്ത് നൽകിവരുന്നത് . ഭൂ പതിവ് നിയമപ്രകാരം അനുവദിക്കുന്ന പട്ടയങ്ങൾ കൂടി ഓൺ ലൈൻ ആയി നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിന്റെ സോഫ്റ്റ് വെയർ വികസിപ്പിക്കുന്ന പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ അതിന്റെ വികസനം പൂർത്തീകരിക്കാനാണ് ലക്ഷ്യം വച്ചിരിക്കുന്നത്.** |
| (ബി) | ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന പട്ടയങ്ങളാണ് സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നത്; വ്യാജ പട്ടയങ്ങളിലൂടെയുള്ള ഭൂമി തട്ടിപ്പ് തടയുന്നതിന് ഇത്എത്രത്തോളം സഹായകമാണെന്ന് വ്യക്തമാക്കുമോ; | (ബി) | 1963 ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം ലാൻഡ് ട്രിബ്യൂണലുകളിൽ നിന്നും അനുവദിക്കുന്ന കുടിയായ്മ ക്രമ സർട്ടിഫിക്കറ്റുകളാണ് ഇപ്പോൾ സോഫ്റ്റ് വെയർ അധിഷ്ഠിതമാക്കിയിട്ടുള്ളത്. സോഫ്റ്റ് വെയർ അധിഷ്ഠിതമാക്കിയിട്ടുള്ളത് കൊണ്ടും ക്യൂ ആർ കോഡ് പോലുള്ള സെക്യൂരിറ്റി സംവിധാനങ്ങൾ ഉള്ളത്കൊണ്ടും വ്യാജ പട്ടയങ്ങളിലൂടെയുള്ള ഭൂമി തട്ടിപ്പ് തടയുന്നതിന് ഇത് വളരെ പ്രയോജനപ്രദമായിരിക്കും. |
| (സി) | മുൻകാലങ്ങളിൽ പട്ടയം ലഭിച്ചവർക്ക് നൽകിയ പേപ്പർ പട്ടയങ്ങൾക്ക് പകരം സോഫ്റ്റ്‌വെയർ അധിഷ്ഠിത ഇ-പട്ടയങ്ങൾ നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (സി) | മുൻകാലങ്ങളിൽ ലാൻഡ് ട്രിബ്യൂണലുകളിൽ നിന്നും ക്രയ സർട്ടിഫിക്കറ്റ് ഭൂ പതിവ് നിയമ പ്രകാരം അനുവദിക്കുന്ന പട്ടയങ്ങൾ എന്നിവ ലഭിച്ചവർക്ക് അത് നഷ്ടപ്പെട്ടു പോയാൽ മാന്വൽ പകർപ്പാണ് ഇപ്പോൾ നൽകി വരുന്നത്. ഇത് സോഫ്റ്റ് വെയർ അധിഷ്ഠിത ഇ-പട്ടയങ്ങളായി നൽകി വരുന്നില്ല. |
| (ഡി) | ഇ-പട്ടയങ്ങൾ റെലിസ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ചിട്ടുണ്ടോ; ഇതുവഴി എന്തെല്ലാം | (ഡി) | നിലവിൽ ഇ-പട്ടയങ്ങൾ റിലിസുമായി ബന്ധപ്പിച്ചിട്ടില്ല. അടുത്ത ഘട്ടത്തിൽ റിലിസുമായി |

| | | | |
|---|---|---|---|
| | നേട്ടങ്ങളാണ് ഭൂവുടമകൾക്ക് ലഭിക്കുകയെന്ന് വിശദമാക്കുമോ? | | ബന്ധപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പട്ടയങ്ങൾ നഷ്ടപ്പെട്ടുന്ന ഭൂവുടമകൾക്ക് അവ ഈ സംവിധാനത്തിലൂടെ വീണ്ടെടുക്കാൻ സാധിക്കും വിധം വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ